(ഇ) താഴെ പറയുന്ന 10 ജല സംഭരണികളിലാണ് മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളത്.

1. മലമ്പുഴ
2. മംഗലം
3. മീൻകര
4. ചുള്ളിയാർ
5. പോത്തുണ്ടി
6. വാളയാർ
7. കാഞ്ഞിരംപുഴ
8. വാഴാനി
9. പീച്ചി
10. പെരുവണ്ണാമൂഴി

<u>തായ്‌ലന്റിൽ നിന്നുള്ള മത്സ്യം ഇറക്കുമതിക്ക് അനുമതി</u>

142 [2574] <u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരുവ ഒഴിവാക്കി തായ്‌ലന്റിൽനിന്നുള്ള മത്സ്യം ഇറക്കുമതിക്ക് അനുമതി നല്കാനുള്ള ഇന്ത്യാ ഗവൺമെന്റ് നടപടികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നും അറിയിപ്പുകൾ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയിൽ വ്യാപകമായ പ്രതിഷേധം ഉയർന്നുവന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ ഗുണദോഷവശങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഇ) ഈ ഉടമ്പടി പ്രകാരം ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര ടൺ വീതം മത്സ്യമാണ് ഇറക്കുമതി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(എഫ്) നിലവിൽ സംസ്ഥാനത്ത് ഏതെല്ലാം ഇനത്തിൽപ്പെട്ട എത്ര ടൺ വീതം മത്സ്യങ്ങൾ ശേഖരിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല. ഇതു സംബന്ധിച്ച് MPEDA-യുടെ ഒരു ചോദ്യാവലി ലഭിച്ചിരുന്നു.

(സി) ഉണ്ട്.

(ഡി) ഉണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

കേന്ദ്ര ഗവൺമെന്റും തായ്‌ലന്റും 9-10-2003-ൽ ഉണ്ടാക്കിയ വ്യാപാര കരാർ പ്രകാരം വിവിധ തരം മത്സ്യങ്ങൾക്ക് തീരുവ നിബന്ധനകൾ റദ്ദാക്കിക്കൊണ്ട് ഇറക്കുമതി ചെയ്യുന്നതിന് തീരുമാനമായിട്ടുണ്ട്. പ്രസ്തുത ഇറക്കുമതി കേരളത്തിന്റെ സാമ്പത്തിക നിലയെ കാര്യമായി ബാധിക്കും.

കേരളത്തിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് മത്സ്യവിപണിയിൽ പിടിച്ചു നിൽക്കാൻ പറ്റാത്ത ഒരവസ്ഥ സംജാതമാകും. പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് ഏറെ ലഭിക്കുന്ന മത്തി, അയില എന്നീ ഇനങ്ങളും ഇറക്കുമതി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതിനാൽ പത്തു ലക്ഷത്തിലധികം വരുന്ന കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ഇത് പ്രതികൂലമായി ബാധിക്കും. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും സംസ്ഥാന സർക്കാരിന്റെ പ്രതിഷേധം അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) ഏകദേശം 84 ഇനങ്ങളിൽപ്പരം മത്സ്യങ്ങളുടെ ഇറക്കുമതി തീരുവ ഒഴിവാക്കാനാണ് തായ്‌ലന്റ് കരാർ ലക്ഷ്യമിടുന്നത്. എത്ര ടൺ മത്സ്യമാണ് ഇറക്കുമതി ചെയ്യുന്നതെന്ന് വ്യക്തമാക്കിയിട്ടില്ല.

(എഫ്) 27-ൽപരം ഇനങ്ങളിൽപ്പെട്ട ഏകദേശം 6 ലക്ഷത്തോളം ടൺ മത്സ്യങ്ങളാണ് ഇപ്പോൾ ശേഖരിച്ചുവരുന്നത്.

യന്ത്രബോട്ടുകൾക്ക് ലൈസൻസ്

143 [2575] ശ്രീ. കെ. അച്ചുതൻ :

,, എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രജിസ്ട്രേഷനുള്ളതും യന്ത്രം ഘടിപ്പിച്ചതുമായ എത്ര മത്സ്യബന്ധന ബോട്ടുകളുണ്ട്;

(ബി) രജിസ്ട്രേഷനില്ലാത്തതും യന്ത്രം ഘടിപ്പിച്ചതുമായ എത്ര മത്സ്യബന്ധന ബോട്ടുകളുണ്ട്;

(സി) യന്ത്രം ഘടിപ്പിച്ച എല്ലാ മത്സ്യബന്ധന ബോട്ടുകൾക്കും രജിസ്ട്രേഷൻ നിർബന്ധിതമാക്കാനുദ്ദേശ്യമുണ്ടോ;